LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി

188 (3623) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ 70 കോടി രൂപ അനുവദിച്ച് നീരേറ്റുപുറം കുടിവെള്ള പ്ലാന്റിൽനിന്നും കുട്ടനാട്ടിലെ വിവിധ ഒ എച്ച് ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി എത്രത്തോളം പൂർത്തീകരിച്ചുവെന്നും ഇനി എവിടെയൊക്കെ പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ടെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കാവാലത്തും തകഴിയിലും ഒ എച്ച് ടാങ്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചെറിയ വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിന് എം.എൽ.എ. സമർപ്പിച്ചിരുന്ന അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ 70 കോടി രൂപ അനുവദിച്ച് നീരേറ്റുപുറം കുടിവെള്ള പ്ലാന്റിൽനിന്നും വിവിധ പഞ്ചായത്തുകളിലെ ഉന്നതതല സംഭരണികളിലേയ്ക്കുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ രൂപകല്പന ചെയ്ത് നിർമ്മാണം പുരോഗമിച്ചുവരുന്നു. സിസ്റ്റം I-ൽ നീലംപേരൂർ, മുട്ടാർ, തലവടി, എടത്വ, വീയപുരം എന്നീ പഞ്ചായത്തുകളിലെ ഉന്നതതല സംഭരണികളിൽ ജലമെത്തിക്കാനുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ ഉൾക്കൊള്ളി ച്ചിരുന്നു. ഈ പൈപ്പ് ലൈനുകളുടെ നീളം 27200 മീ. ആണ്. ഇതിൽ നീലംപേരൂർ ടാങ്കിന്റെ ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനിന്റെ പണികൾ 95% പൂർത്തീകരിച്ചു. പൂർത്തീകരിച്ച പൈപ്പ്ലൈനുകളുടെ നീളം ഏകദേശം 12500 മീറ്ററാണ്. ബാക്കിയുള്ള പൈപ്പ് ലൈനുകളുടെ പണികൾ പുരോഗതിയിലാണ്. വീയപുരം ജലസംഭരണിയിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ പണികൾ ഉടൻ ആരംഭിക്കു ന്നതാണ്. ബാക്കി പഞ്ചായത്തുകളിലേയ്ക്ക് നിലവിലുള്ള പൈപ്പ് ലൈനുകൾ ഉപയോഗ പ്പെടുത്തുവാൻ വിഭാവനം ചെയ്യുന്നു. സിസ്റ്റം 2-ൽ രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നീ പഞ്ചായത്തുകളിലെ ഉന്നതതല സംഭരണി കളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള 17800 മീറ്റർ ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിൽ

12400 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പൂർത്തീകരിച്ചു. പള്ളിക്കുട്ടുമ്മയിൽനിന്നും കാവാലം ഉന്നതതല സംഭരണി യിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ 90% പണി പൂർത്തീകരിച്ചു. നീരേറ്റുപുറം ശുദ്ധീകരണ ശാലയിൽ നിന്ന് ആലപ്പുഴ, ചങ്ങനാശ്ശേരി റോഡിലെ (എ.സി.റോഡ്) മാമ്പഴക്കരി ജംഗ്ഷൻ വരെയുള്ള 800 എം.എം പൈപ്പ് ലൈനിന്റെ പണികൾ 50% പൂർത്തീകരിച്ചു. നെടുമുടി, കൈനകരി പഞ്ചായത്തുകളിലെ ജലസംഭരണികളിലേക്ക് ജലം എത്തിക്കുവാൻ നിലവിലുള്ള പൈപ്പുകൾ ഉപയോഗപ്പെടുത്തുവാൻ വിഭാവനം ചെയ്തിരിക്കുന്നു.

(ബി) തകഴിയിലെ ടാങ്ക് പണിയുന്നതിനുള്ള കരാർ ഉറപ്പിച്ചിട്ടുണ്ട്. പണികൾ ഉടൻ ആരംഭിക്കും. കാവാലം പഞ്ചായത്തിലെ ഉന്നതതല സംഭരണി നിർമ്മിക്കുവാനുള്ള ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും അനുമതി നൽകുവാൻ കഴിഞ്ഞില്ല. പ്രസ്തുതപണിക്ക് പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയിൽ മെയിൻ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞശേഷം മാത്രമേ മറ്റ് ചെറിയ പൈപ്പുകൾ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. എല്ലാ പഞ്ചായത്തുകളിലും ചെറിയ പൈപ്പുകൾ ഉൾപ്പെടെയുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന് അനുമതി ലഭിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി

189 (3624) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്നും അവ ഏതു ഘട്ടംവരെയായി എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly